# സുബൈർ കുഞ്ഞ് ഫൗണ്ടേഷൻ:

അരനൂറ്റാണ്ടു കാലം തിരുവനന്തപുരം ജില്ലയിലെ സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിൽ നിറസാന്നിധ്യമായിരുന്ന അഴിക്കോട് എം. സുബൈർകുഞ്ഞിന്റെ (1931–2000) സ്മരണാർഥം ജീവിച്ചിരുന്ന കാലത്ത് അദ്ദേഹം ചെയ്ത് വന്നിരുന്ന വിവിധ ജീവകാരുണ്യ പ്രവർത്തനങ്ങൾ തുടർന്നും സമൂഹത്തിനു ലഭിക്കണമെന്ന ആഗ്രഹത്താൽ കുടുംബാംഗങ്ങൾ ചേർന്ന് സ്ഥാപിച്ച ജീവകാരുണ്യ ട്രസ്റ്റാണ് സുബൈർ കുഞ്ഞ് ഫൗണ്ടേഷൻ. സുബൈർകുഞ്ഞിന്റെ ഒന്നാം ചരമവാർഷികദിനമായ 2001 ജൂൺ 17–നു അന്നത്തെ സാംസ്കാരിക വകുപ്പു മന്ത്രി ബഹു. ജി. കാർത്തികേയൻ ഫൗണ്ടേഷൻ ഉത്ഘാടനം ചെയ്തു.



എം. സുബൈർ കുഞ്ഞ്
(1931–2000)

1931–ൽതിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് താലൂക്കിലെ അഴിക്കോട് ഗ്രാമത്തിൽ ജനിച്ച അദ്ദേഹം ചെറുപ്പംമുതൽ തന്നെ ജാതിമത രാഷ്ട്രീയചിന്തകൾക്കതീതമായി പ്രദേശത്തെ ഏവരുടെയും ഉന്നമനത്തിനായി പ്രവർത്തിച്ചു. അക്കാരണത്താൽ തന്നെ ഏവർക്കും പ്രിയങ്കരനും സമ്മതനുമായി. നാട്ടിലെ വിവിധ പ്രശ്നങ്ങൾ രമ്യമായി പരിഹരിക്കുവാനുള്ള അദ്ദേഹത്തിന്റെ കഴിവ് അനന്യ സാധാരണമായിരുന്നു. പ്രദേശത്തെ എല്ലാ വികസന പ്രവർത്തനങ്ങളുടെ നയരൂപീകരണത്തിലും സുബൈർകുഞ്ഞിന്റെ ശ്രദ്ധയും സാന്നിധ്യവുമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ 30 വർഷത്തെ ഡയറിക്കുറിപ്പുകൾ പ്രദേശ ത്തിന്റെ ഏകദേശ ചരിത്ര സംഹിതയാണ്.

## ഫൗണ്ടേഷന്റെ പ്രധാന പ്രവർത്തനങ്ങൾ

പരീക്ഷകളിൽ ഉന്നതവിജയം നേടുന്ന നെടുമങ്ങാട് താലൂക്കിലെ കുട്ടികൾക്ക് അവാർഡ്ദാനം, അശരണരും അവശരുമായ അഴിക്കോട് പ്രദേശവസികൾക്ക് സഹായം സൗജന്യ മെഡിക്കൽ ക്യാമ്പുകൾ തുടങ്ങി വിവിധ ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തിവരുന്നു. 2001, 2005, 2013 വർഷങ്ങളിൽ നാട്ടിൽ വിപുലമായ സൗജന്യ മെഡിക്കൽ ക്യാമ്പുകൾ നടത്തി.

## സൗദി അറേബിയയിലെ പ്രവർത്തനങ്ങൾ

1. 2006 –ൽ വെൽഡിംഗ് ജോലിക്കിടെ ടാങ്കർ ലോറിയുടെ മുകളിൽനിന്നും തെറിച്ചു വീണ അറാർ സെൻട്രൽ ആശുപത്രിയിൽ അബോധാവസ്ഥയിൽ തീവ്രപരിചരണ വിഭാഗത്തിൽ അഡ്മിറ്റ് ചെയ്യപ്പെട്ട മലപ്പുറം സ്വദേശി അബ്ദുൽ ഹമീദ് എന്ന ആളെ വെന്റിലേറ്ററിന്റെ സഹായത്തോടെ അപകടം സംഭവിച്ചു **3** ആഴ്ചകൾക്കുള്ളിൽ നാട്ടിലെത്തിച്ചു.

2. 2009–ൽ ലോക വ്യാപകമായി പന്നിപ്പനി പൊട്ടിപ്പുറപ്പെട്ടപ്പോൾ സഫാമക്കാ ക്ലിനിക്കിന്റെ സഹകരണത്തോടെ ആ രോഗത്തെക്കുറിച്ചുള്ള മിഡിലീസ്റ്റിലെ ആദ്യപുസ്തകം പ്രസിദ്ധീകരിച്ചു സൗജന്യ വിതരണം നടത്തി. റിയാദിലെ ആദ്യപന്നിപ്പനി ബോധവൽക്കരണസെമിനാറും സുബൈർ കുഞ്ഞ് ഫൗണ്ടേഷന്റെ നേതൃത്വത്തിലാണ് നടന്നത്.
3. 2010–ൽ **17–**വർഷമായി നാട്ടിൽ പോകാതെ റിയാദിൽ ഹൃദ്രോഗവും തുടർന്ന് ഹൃദയശസ്ത്രക്രിയയും കഴിഞ്ഞ് കിങ്ങ് ഫഹദ് മെഡിക്കൽ സിറ്റിയിലെ തീവ്രപരിചരണ വിഭാഗത്തിൽ അജ്ഞാത രോഗിയായി ചികിൽസയിലായിരുന്ന തിരുവനന്തപുരം സ്വദേശി അബ്ദുൾ വാഹിദിനെ നാട്ടിലെത്തിച്ചു.

4. 2011–ൽ അമിത രക്തസമ്മർദ്ദവും തുടർന്ന് പക്ഷാഘാതവുമായി റിയാദിലെ അമീർ സൽമാൻ ആശുപത്രിയിൽ ചികിൽസയിയിൽ കഴിഞ്ഞ ഷാനവാസ് മുഹമ്മദ് ഹനീഫയെ അനസ്തീസിയ ഡോക്റ്ററായ ആരിഫ് തസ്നീമിന്റെയും രണ്ട് സൗദി മെയിൽ നഴ്സുമാരുടെയും (അഹമ്മദ് സഹ്റാനി,

മുഹമ്മദ് അൽ ഗാംധി) സഹായത്തോടെ വെന്റിലേറ്റർ പരിചരണത്തോടെ നാട്ടിലെത്തിച്ചു.ഒരു മലയാളി രോഗിയെ സൗദിപൗരന്മാർ അനുഗമിക്കുവാൻ തയ്യാറായത് സൗദിയിൽ നിന്നുള്ള ആദ്യ സംഭവമായി

5. 2012–ൽ പയ്യന്നൂർ സൗഹൃദവേദിയുമായി സഹകരിച്ച് പ്രമേഹത്തെക്കുറിച്ചുള്ള ഡോക്യുമെന്ററി തയാറാക്കി പ്രദർശിപ്പിച്ചു.

6. 2012–ലെ പ്രമേഹദിനത്തിൽ പ്രവാസികൾക്കിടയിൽ വർദ്ധിച്ചുവരുന്ന പ്രമേഹത്തെക്കുറിച്ച് റിയാദിൽ ആദ്യമായി പ്രഗൽഭ ഡോക്റ്റർമാർ പങ്കെടുത്ത സമ്പൂർണ പ്രമേഹബോധവൽക്കരണ സെമിനാർ സംഘടിപ്പിച്ചു.

7. 2012– ലെ റമദാനിൽ നൃസഫാമക്കാ ക്ലിനിക്കിന്റെ സഹകരണത്തോടെ'വ്രതാനുഷ്ഠാനവും രോഗികളും' എന്ന കൈപുസ്തകം പ്രസിദ്ധീകരിച്ചു സൗജന്യ വിതരണം നടത്തി.

8. 2012 ജൂണിൽ റിയാദ് കേന്ദ്രീകരിച്ച് തുടക്കം കുറിച്ച ലഹരി വിരുദ്ധബോധവല്കരണ പരിപാടി **'റിസ'**–യ്ക്ക് (റിയാദ് ഇനിഷിയേറ്റീവ് എഗനിസ്റ്റ് സബ്സ്റ്റൻസ് അബ്യൂസ്) 2013 ഏപ്രിലിൽ സൗദി ദേശീയ മയക്കുമരുന്ന് നിയന്ത്രണ സമിതിയുടെ ഔദ്യോഗിക അംഗീകാരം ലഭിച്ചു. ഇത്തരം അംഗീകാരം ലഭിക്കുന്ന ആദ്യ വിദേശ സംഘടനയാണ് സുബൈർ കുഞ്ഞ് ഫൗണ്ടേഷൻ.

- പോളിക്ലിനിക്കുകൾ, ലേബർക്യാമ്പുകൾ, സ്കൂളുകൾ എന്നിവിടങ്ങൾ കേന്ദ്രീകരിച്ചു ബോധവൽക്കരണ ക്ലാസ്സുകൾ, ഇംഗ്ലീഷ്, മലയാളം, അറബി, ഹിന്ദി എന്നീ 4 ഭാഷകളിലുള്ള ലഘുലേഖാ വിതരണം, ലഹരി ഉപഭോഗഫലമായുണ്ടാകുന്ന കാൻസറും മറ്റു അസുഖങ്ങളും വ്യക്തമാക്കുന്ന 15 വ്യത്യസ്തതരം പോസ്റ്ററുകളുടെ പ്രദർശനം, മെയിൽ ഗ്രൂപ്പു കളിലൂടെയും വെബ്സൈറ്റുകളിലുയെുമുള്ള ലഹരിവിരുദ്ധ സന്ദേശപ്രചരണം തുടങ്ങിയവ സംഘടിപ്പിച്ചു വരുന്നു.